ശ്രീ. ഇ. പി. പൗലോസ് : ഇൻഡ്യാഗവണ്മെൻറ് മിച്ച പ്രദേശങ്ങളിൽ ഒരു വില ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും താഴെയാണ് നമ്മുടെ സ്റ്റോറിൽ വില പോകുന്നതെങ്കിൽ അതു ഗൗരവതരമായിതന്നെ പര്യാലോചിക്കുന്നതാണ്. ഇവിടെ ഉണ്ടാകുന്ന ബുദ്ധിമുട്ട കൊയ്ത്തുകാലം വന്നുകഴിഞ്ഞാൽ കൃഷിക്കാർ ഒരുമാതിരി ഡിസ്ട്രസ് സെയിലാണ് നടത്തുന്നത്. അതുകൊണ്ട് പലപ്പോഴും നെല്ലിനു വില കിട്ടാതെ പോകുന്നുണ്ട്. അതുകൊണ്ട് ഗവണ്മെൻറ് നേരിട്ടല്ലെങ്കിലും ഗോഡൌൺവഴിയും കോവാപ്പറേറ്റീവ് സൊസൈറ്റിവഴിയും നെല്ല് വിലയ്ക്കുവാങ്ങാൻ ഏർപ്പാട് ചെയ്യുന്നുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : നെൽകൃഷി നഷ്ടം ആയതുകൊണ്ട് നെല്ല് കൃഷിചെയ്യ എടുക്കുന്ന സ്ഥലങ്ങളും മറ്റു കൃഷിക്കു ഉപയോഗിച്ചുവരുന്നതായും ങ്ങനെ കാലാന്തരത്തിൽ നെല്ല് കൃഷി ചെയ്യുന്ന ഭൂമികളും ഇല്ലാതായിത്തീരുമെന്നും ഉള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? നെൽകൃഷി ലാഭവുമല്ല, നഷ്ടവുമല്ല എന്നെല്ലാം പറയുന്നതു തെറ്റാണ്. ഇങ്ങനെ നഷ്ടം വരുന്നതുകൊണ്ട് കൃഷി ചെയ്യാതിരിക്കുന്ന കർഷകരെ സഹായിച്ചുകൊണ്ട് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെൻറിനു് ഉദ്ദേശമുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു പ്രായോഗികമായി ഏർപ്പെടുത്തിയിട്ടുള്ള സംഗതികളുടെ ഒരു നീണ്ട പട്ടിക ഞാൻ ഇതിനുമുമ്പ് ഇവിടെ വായിക്കുകയുണ്ടായി. ഇന്നുള്ള ബുദ്ധിമുട്ട നെല്ലിനു വിലയില്ല എന്നുള്ളതല്ല, ഉള്ള വില കർഷകനു ലഭിക്കുവാൻ ബുദ്ധിമുട്ടുണ്ട് എന്നുള്ളതാണ്. മാർക്കറ്റു വിലവച്ചു നോക്കുകയാണെങ്കിൽ നെല്ലിനു പറയുന്ന മുന്നൂറുപ വിലയുണ്ട്. അതു കർഷകനു ലഭിക്കുകയില്ല. അതു കൊടുക്കുന്നതിലെക്കാണ് മാർക്കറ്റിംഗ് സൊസൈറ്റി വഴി നെല്ല് വാങ്ങിക്കുന്നതു്. ഇങ്ങനെയുള്ള സൌകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : നെൽകൃഷിയുള്ള സ്ഥലങ്ങളിൽ ക്യാഷ് ക്രോപ്പുചെയ്യരുതെന്നു നിർബന്ധിക്കുന്ന നിയമം നിലവിലുണ്ടോ നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളും മറ്റു കൃഷി ചെയ്യുവിഭവങ്ങളും എടുക്കുവാൻ ആളുകളും ചെയ്യുന്ന ശ്രമത്തെ തടയുവാൻ ഗവണ്മെൻറു എന്തു ചെയ്യുന്നുണ്ട് ?

ശ്രീ. ഇ. പി. പൗലോസ് : നെൽകൃഷി സ്ഥലങ്ങളും മറ്റു കൃഷികളുക്കായി മാറുന്നതിനു നിയമപരമായ തടസ്സമുണ്ട്. ലാൻറു യൂട്ടിലൈസേഷൻ ആക്ടിറ്റു പ്രകാരം അങ്ങനെ ചെയ്യുന്നതു തടയാൻ അവകാശം ഉണ്ട്. എന്നാൽ തുടർച്ചയായി മൂന്നു പ്രാവശ്യം നെൽകൃഷി ചെയ്തിട്ടും നഷ്ടമാണ് വരുന്നതെന്നു കണ്ടാൽ അങ്ങനെയുള്ള സ്ഥലത്തു മറ്റുള്ള കൃഷി ചെയ്യുന്ന കാര്യം പരിഗണിക്കുന്നതിനു കളക്ടർക്കു അനുവാദം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻ: പാക്കേജു പദ്ധതി പ്രകാരം സൊസൈറ്റികളും നെല്ലു എടുക്കുമെന്നു പറയുകയുണ്ടായി. ധാരാളം വില കിട്ടുന്ന അവസരത്തിൽ നെല്ല് കർഷകർ സൊസൈറ്റികൾക്കു കൊടുക്കുന്നില്ല. അതു കണ്ടുപിടിച്ചു ഈ സൊസൈറ്റികൾക്കു തന്നെ നൽകുന്നതിനു വേണ്ട ഏർപ്പാട് ചെയ്യുമോ?

ശ്രീ. ഇ. പി. പൗലോസ്: ഇതിൻറെ വിശദാംശങ്ങളും അറിയിക്കുകയാണെങ്കിൽ അന്വേഷിക്കാം.

മി. സ്പീക്കർ: ചോദ്യം 3;20 ഇവയുടെ ഉത്തരം നേരത്തേ പറഞ്ഞുകഴിഞ്ഞു.

റോഡുകളുടെ പണികൾ

* 679. [4] † ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963–64–ൽ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന റോഡുകളുടെ പണികൾക്കു് എത്ര ഉറപ്പിക ഉദ്ദേശിച്ചിരുന്നു:

(ബി) 1964 ഫെബ്രുവരിവരെ എത്ര ചെലവായി;

† Put by Shri E. P. Gopalan

LIBRARY ARCHIVES Kerala Legislative Assembly

(സി) എറണാകുളം ജില്ലയിൽപെട്ട ബഡ്ഡറഡ് വക്കുകളിൽ ഓരോ പണിയുടെയും കൃത്യത്തിൽ എന്തുനടപടികളെടുത്തിട്ടുണ്ട്;

(ഡി) എറണാകുളം കാഞ്ഞിരമിറ്റം റോഡ് ചിലയിടത്തു് വീതി കൂട്ടാനും, മെറ്റലിംഗിനും എന്തു നടപടികളും കൈക്കൊണ്ടു ; എത്ര ഉറപ്പിക ചെലവായി;

(ഈ) ഈ റോഡ് ബാക്കി ഭാഗം ടാറു ചെയ്യാനുള്ള നടപടികളും എടുക്കുമോ;

(എഫ്) 1963–65 ലേക്കു് ഈ റോഡിനു് എത്ര ഉറപ്പിക വകയിരുത്തുന്നുണ്ടു്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 129.4 ലക്ഷം രൂപ.

(ബി) 1964 ജനുവരി അവസാനം വരെ 118.65 ലക്ഷം രൂപ ചെലവായി.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ധനദൗർലഭ്യം കാരണം ഈ പണി മാറ്റിവച്ചിട്ടുണ്ടു്. എന്നാൽ അത്യാവശ്യം വേണ്ട ചില മെയിൻറനൻസ് കാര്യങ്ങൾക്കായി 6056 രൂപ ചെലവാക്കീട്ടുണ്ടു്.

(ഈ) ധനദൗർലഭ്യം മൂലം ഇപ്പോൾ സാധ്യമല്ല.

(എഫ്) എറണാകുളം-കാഞ്ഞിരമിറ്റം റോഡിലെ മുളന്തുരുത്തി മുതൽ കാഞ്ഞിരമിറ്റം വരെയുള്ള ഭാഗം മുളന്തുരുത്തി നീർപ്പാറ റോഡിൽ പെടുന്നു. ഈ റോഡിന്റെ മെയിൻറനൻസിനു് 10,000 രൂപ 1964–65-ലെ ബഡ്ഡറിൽ വകയിരുത്തുന്നുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : അടിയന്തിരാവസ്ഥയുടെ പേരിൽ ബഡ്ഡറിൽ കൊള്ളിച്ചിരുന്ന പണിയിൽ ഏതെങ്കിലും പണി നിറുത്തി വച്ചിട്ടുണ്ടോ? ബഡ്ഡറിൽ കൊള്ളിച്ചിരുന്ന സംഖ്യയിൽ കൂടുതൽ തുക ചെലവാക്കി വല്ല പണികളും നടത്തിയിട്ടുണ്ടോ ?

ശ്രീ. പി. പി ഉമ്മർകോയ: ഇതു രണ്ടും ശരിയാണു്. എല്ലാ വർക്കുകളും ഈ കൊല്ലം തന്നെ നടത്താൻ സാധ്യമല്ല. അതു കൊണ്ടു കുറെ വർക്കുകൾ മാറ്റി വയ്ക്കേണ്ടതായി വന്നിട്ടുണ്ടു്. ബഡ്ഡറിൽ കൊള്ളിച്ചിരുന്നതിൽനിന്നും കൂടുതൽ പണം ചെലവാക്കി ചില വർക്കുകൾ പൂർത്തിയാക്കേണ്ടി വന്നിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ഇന്ന വർക്കുകൾ നിറുത്തിയിട്ടു ഇന്ന വർക്കുകൾ പൂർത്തിയാക്കണമെന്നു തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം എന്താണു്, ഏതു നിലവാരത്തിലാണു്, എന്തെല്ലാം പരിഗണനകൾ വച്ചാണു് ഇതു നോക്കുന്നതു് ?

ശ്രീ. പി. പി. ഉമ്മർകോയ: പൂർത്തിയാക്കേണ്ട പണികൾ ഏറ്റവും വേഗം പൂർത്തിയാക്കുക എന്നുള്ളതാണു് മാനദണ്ഡം. ഏറ്റവും അത്യാവശ്യമായി അടിയന്തിരമായി ചെയ്തു തീർക്കേണ്ട ജോലികൾ അടിയന്തിരമായി ചെയ്തു തീർക്കുന്നതിനു പ്രത്യേക പരിഗണന കൊടുക്കുന്നുണ്ടു് .

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : 63–64 വർഷത്തിൽ അടിയന്തിരമായി ചെയ്യേണ്ട ചില വർക്കുകൾ നിറുത്തി വയ്ക്കുകയും നിറുത്തി വച്ചിരുന്ന ചില വർക്കുകൾ പുതുതായി തുടങ്ങുകയും ചെയ്തു എന്നറിയുന്നതു ശരിയാണോ ?

ശ്രീ. പി. പി. ഉമ്മർകോയ : അടിയന്തിരമായി ചെയ്യേണ്ട ചില പാലങ്ങളുടെയും മറ്റും പുനർനിർമ്മാണ ജോലി ചെയ്യേണ്ടതായി വന്നിട്ടുണ്ടു്. ധനദൗർല്ലഭ്യം കാരണം ബഡ്ഡറിൽ ഉൾകൊള്ളിച്ചിട്ടുള്ള കുറെ വർക്കുകൾ മാറ്റി വച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly